(ബി) ഇപ്പോൾ ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് എന്ത് തുക ചെലവഴിക്കേണ്ടിവരും എന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുരിയാർകുറ്റി-കാരപ്പാറ ജലസേചന പദ്ധതിക്കായി 2685.06 ലക്ഷം രൂപ ചിലവഴിക്കേണ്ടിവരുമെന്നാണ് ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കണക്കാക്കിയിരുന്നത്. ആയത് 1979-ൽ ആയിരുന്നു.

(ബി) പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് ഏകദേശം 197.24 കോടി രൂപ ചെലവഴിക്കേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു.

**ബാണാസുരസാഗർ പദ്ധതി**

22 (1687) ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാണാസുരസാഗർ പദ്ധതി ഏത് വർഷമാണ് ആരംഭിച്ചത് ;

(ബി) ഈ പദ്ധതിക്ക് സെൻട്രൽ വാട്ടർ കമ്മീഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുകയെത്രയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ബാണാസുരസാഗർ പദ്ധതിയുടെ പണി 1999-2000 വർഷത്തിൽ ആരംഭിച്ചു.

(ബി) ഈ പദ്ധതിയുടെ ആയക്കെട്ട് 10,000 ഹെക്ടറിന് താഴെ മാത്രമേ വരുന്നുള്ളൂ എന്നതിനാൽ ടി പദ്ധതിക്ക് സെൻട്രൽ വാട്ടർ കമ്മീഷന്റെ അംഗീകാരം ആവശ്യമില്ല.

(സി) 1996-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 37.88 കോടി രൂപയാണ്.

**കുറ്റ്യാടി ഒന്നാംഘട്ട പദ്ധതി**

23 (1688) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ഒന്നാംഘട്ട പദ്ധതി എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ആണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ബി) ഇതിന്റെ കേന്ദ്രാനുമതി എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വർക്കിന്റെ കൺസൾട്ടൻസി ഏത് കമ്പനിക്ക് എന്തു തുകയ്ക്കാണ് നൽകിയിട്ടുള്ളത് ;

(ഡി) ഈ പ്രോജക്ടിന് ആവശ്യമായ മെഷിനറി എവിടെ നിന്ന് എന്തു വിലയ്ക്ക് ആർ മുഖേനയാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly